(സി) കുടിശ്ശികക്കാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കുടിശ്ശിക ഈടാക്കുവാൻ വൈദ്യുതിബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടത്തുകയുമാണ് ചെയ്യുന്നത്. സ്വകാര്യമേഖലയിലെ കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ റവന്യൂ റിക്കവറി നടപടികൾ നടത്തിയിട്ടുണ്ട്. തവണ വ്യവസ്ഥയിൽ പണം സ്വീകരിക്കാനുള്ള കുടിശ്ശികക്കാരായ കമ്പനികളുടെ അപേക്ഷ പരിഗണിച്ച് തവണ വ്യവസ്ഥയിൽ പണം സ്വീകരിച്ച് കുടിശ്ശിക ഒഴിവാക്കാനുള്ള അവസരം നൽകാറുണ്ട്. അതോടൊപ്പംതന്നെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി കുടിശ്ശികയുള്ള ഉപഭോക്താക്കളുടെ പരിശനിരക്കിൽ ഇളവു നൽകി പണം സ്വീകരിക്കാറുണ്ട്, വിവിധ റവന്യൂ ജില്ലകളിലായി 122 വൻകിട ഉപഭോക്താക്കൾ റവന്യൂ റിക്കവറി നടപടികൾ നേരിടുന്നുണ്ട്. പ്രസ്തുത നടപടിയിലൂടെ തുക വസൂലാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുവാൻ ജില്ലാതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.

വൈദ്യുതി പ്രസരണ വിതരണ സംവിധാനം മെച്ചപ്പെടുത്താൻ പദ്ധതികൾ

16 (5820) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വൈദ്യുതി പ്രസരണ വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതെല്ലാം പൂർത്തിയാക്കാനുണ്ടെന്നും എത്രത്തോളം പ്രസരണ നഷ്ടം കുറയ്ക്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി പ്രസരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്നുകാണുന്ന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ് സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുകയും വോൾട്ടേജ് നിലവാരം ഉയർത്തുകയും ചെയ്യുക, നിലവിലുള്ള ലൈനുകളുടെ റീ-കണ്ടക്ടറിംഗ് ജോലികൾ ചെയ്യുക, പഴയ ഉപകരണങ്ങളും മറ്റും മാറ്റി പുതിയവ സ്ഥാപിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്. പ്രസ്തുത നടപടികളുടെ ഭാഗമായി ഇതുവരെയായി രണ്ട് 220 കെ.വി, പതിമൂന്ന് 110 കെ.വി, മൂന്ന് 66 കെ.വി, ഇരുപത്തി ഒന്ന് 33 കെ.വി എന്നിങ്ങനെ ആകെ 39 സബ് സ്റ്റേഷനുകളുടെയും 497.6 കി.മീ പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയായി.

ഇപ്രകാരം ഏറ്റെടുത്ത പദ്ധതികളിൽ 30 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു.

മേൽപ്പറഞ്ഞ നടപടികളുടെ ഭാഗമായി 2011- ൽ 16.09 % ആയിരുന്ന പ്രസരണ നഷ്ടം 2015-ൽ ഏകദേശം 14.65% ആയി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

വിതരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ കാണുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് :

11 കെ.വി ലൈൻ നിർമ്മാണം	7898 കി.മീ.
എൽ.റ്റി. ലൈൻ നിർമ്മാണം	15916 "
ട്രാൻസ്ഫോർമർ	13895 എണ്ണം
സിംഗിൾ ഫേസ് ടു ത്രീ ഫേസ് കൺവൻഷൻ	10677 കി.മീ.
റീകണ്ടക്ടിംഗ്	44042 "

കേന്ദ്രാവിഷ്കൃത പദ്ധതിയായ RAPDRP യിൽ തിരുവനന്തപുരം നഗര പദ്ധതിക്ക് 3-8-2012-ൽ അനുമതി ലഭിച്ചു. 178.77 കോടി രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതി ടേൺ കീ വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നു. ഇതിൽ നാളിതുവരെ 50 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. ഇതിനുപുറമേ പ്രസരണ വിതരണ വാണിജ്യനഷ്ടം കുറയ്ക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) 45.76 കോടി രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതി 16 ടൗണുകളിൽ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly